# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കോടിത്താനം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ:  doktm.ksad@kerala.gov.in

ഫോൺ :  0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ്എകെറ്റിഎം പി10/477/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കോടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ:  കെ എസ്എകെറ്റിഎം പി10/477/2021                    തീയ്യതി:  31/03/2021

# കോട്ടയം ജില്ലയിലെ തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്  13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ്  215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം  ജില്ലയിലെ തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 28-02-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ  24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബീനാകുമാരി സി ആർ , ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീമതി മായ ആർ,ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ സുനിൽകുമാർ ജി,സീനിയർഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ രാജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എൻ ആർ മുരളീധരൻ നായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുജിത പി എസ് | കൃഷി ഓഫീസർ | 01-04-2019 | 09-10-2019 |
| ജ്യോതി പി | കൃഷി ഓഫീസർ (ഇൻ ചാർജ്) | 10-10-2019 | 03-12-2019 |
| അനൂപ് കൃഷ്ണൻ | കൃഷി ഓഫീസർ | 04-12-2019 | 31-03-2020 |
| ഡോ വിശ്വനാഥൻ കെ | വെറ്റിനറിസർജൻ | 01-04-2019 | 24-02-2020 |
| ഡോ രേവതി റ്റി ആർ | വെറ്റിനറി സർജൻ | 25-02-2020 | 31-03-2020 |
| ഡോ സിമി തോമസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 26-04-2019 |
| ഡോ ഷീജാഫിലിപ്പ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 27-04-2019 | 23-02-2020 |
| ഡോ സിമി തോമസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 24-02-2020 | 31-03-2020 |
| ഡോ പ്രീത | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ ,ഹോമിയോ | | |
| ഡോ ചിത്ര എം ബി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഫാത്തിമ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ലൈല ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| സിന്ധു പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 26-10-2019 |
| ലക്ഷ്മി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 27-10-2019 | 31-03-2020 |
| അനീസ എ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ജോൺസൺ ഫിലിപ്പ് | വി ഇ ഒ | 01-04-2019 | 13-06-2019 |
| ബിജു എസ് | വി ഇ ഒ | 19-07-2019 | 31-03-2020 |
| എസ് പ്രകാശ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഉഷാബായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ബിൻസി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| കീർത്തി മാധവ് എസ് | അസി.എഞ്ചിനീയർ | 17-07-2019 | 21-07-2019 |
| അനീസ് എ | വി ഇ ഒ ഇൻ ചാർജ് | 14-06-2019 | 18-07-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C R Beenakumary (Audit Officer (HG), On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajesh M (Asst. Audit Officer, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 10-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sunitha M S (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-5 |
| 7 | ഗ്രാമസഭകൾ<br>Written By: C R Beenakumary (Audit Officer (HG), On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-5-1 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Sunil Kumar G (Senior Grade Auditor, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Sunil Kumar G (Senior Grade Auditor, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Sunil Kumar G (Senior Grade Auditor, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: C R Beenakumary (Audit Officer (HG), On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-9 |
| 12 | ഇ-പെയ്മെന്റ് അക്കൗണ്ടിൽ വൻ തുക ദീർഘകാലമായി അവശേഷിക്കുന്നു - കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം<br>Written By: Sunil Kumar G (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-10 |
| 13 | വസ്തുനികുതി-അസസ്മെന്റ് രജിസ്റ്ററിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-11 |
| 14 | വസ്തുനികുതി-സഞ്ചയയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-11-1 |

| | | |
|---|---|---|
| 15 | വസ്തുനികുതി- കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉറപ്പുവരുത്തണം.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-11-2 |
| 16 | വിദ്യാഭ്യാസസ്ഥാപനം കെട്ടിടനമ്പരില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-11-3 |
| 17 | വസ്തുനികുതി കുുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 16-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-11-4 |
| 18 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-12 |
| 19 | എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-12-1 |
| 20 | തൊഴിൽ നികുതി -കുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-12-2 |
| 21 | മാവേലി സ്റ്റോർ -വാടകകുടിശിക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-13 |
| 22 | ലൈസൻസ് -എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-14 |
| 23 | തൃക്കൊടിത്താനം ഗവ എൽപി സ്കൂൾ -പഴയ ഗേറ്റ്, ഓട് ലേലനടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-15 |
| 24 | വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-16 |
| 25 | ദിവസവേതനാടിസ്ഥാനത്തിലുള്ള ക്ളർക്കിന്റെ നിയമനം നിയമാനുസൃതമല്ല<br>Written By: Sunitha M S (Senior Grade Auditor, On 16-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-17 |
| 26 | ബഡ്സ് സ്ക്കൂൾ പ്രവർത്തന ചെലവ് - ബഡ്സ് സ്ക്കൂൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: C R Beenakumary (Audit Officer (HG), On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-18 |
| 27 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ<br>Written By: C R Beenakumary (Audit Officer (HG), On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-19 |
| 28 | ആംബുലൻസ് വാങ്ങൽ - ബ്ളോക്ക് ഷെയർ പഞ്ചായത്തിൽ അവശേഷിക്കുന്നു | 1-20 |

| | | |
|---|---|---|
| | Written By: Sunitha M S (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | |
| 29 | സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹണം<br>Written By: Rajesh M (Asst. Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-21 |
| 30 | ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു<br>Written By: Rajesh M (Asst. Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-22 |
| 31 | ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തി കൺവീനർക്ക് അധിക തുക നല്കി<br>Written By: Rajesh M (Asst. Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-23 |
| 32 | ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-24 |
| 33 | പ്രൊ.നം 48/20 വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റി - പൂർത്തീകരിച്ചില്ല.<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 1-25 |
| 34 | പ്രൊ.നം 219/20 ഗാർഹിക കക്കൂസ് നിർമ്മാണം- നിർമ്മാണം ഉറപ്പുവരുത്താതെ തുക അനുവദിച്ചു<br>Written By: Maya R (Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-26 |
| 35 | ആസ്തി സംരക്ഷണം<br>Written By: Rajesh M (Asst. Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-27 |
| 36 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-28 |
| 37 | ആട് വിതരണം -പ്രോജക്ട് നിർവഹണത്തിലെ അപാകത.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-29 |
| 38 | ഓഡിറ്റ് ഇംപാക്ട്-വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി.<br>Written By: Darsana V (Senior Grade Auditor, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം<br>Written By: Anju P Natarajan (Computer Assistant, On 30-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-1 |
| 2 | സംയോജിത പദ്ധതികൾക്കുവേണ്ടി ലഭിച്ച തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരം<br>Written By: Rajesh M (Asst. Audit Officer, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | |
| 3 | ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 12-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 13-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 13-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajesh M (Asst. Audit Officer, On 13-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 13-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajesh M (Asst. Audit Officer, On 14-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 14-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 14-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 15-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 23.2.2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 11439587 | 48335537 |
| വരവ് | 228983900 | 81887060 |
| ആകെ | 240423487 | 130222597 |
| ചെലവ് | 235961288 | 79383107 |
| നീക്കിയിരിപ്പ് | 4462199 | 50839490 |

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 28-7-2020 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക-രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

1. തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 31-3-2020 ൽ ഇഷ്യു ചെയ്ത 241349/- രൂപയുടെ ചെക്ക് 2020-21 വർഷം ചെലവായതായാണ് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
2. വസ്തുനികുതി, ഡി ആന്റ് ഒ ലൈസൻസ്,എന്നിവയുടെ വരവ് ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. വാർഷികകണക്ക് പ്രകാരം സംയുക്തപദ്ധതികൾക്ക് ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വരവ്/ചെലവുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. ലൈഫ് ലോൺ തുകയിൽ പലിശഇനത്തിൽ ലഭിച്ച തുകയുൾപ്പെടെയാണ് വാർഷികകണക്ക് പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48335537 |
| ഓഡിറ്റ് വർഷത്തെ വരവ് | 81887060 |
| ആകെ | 130222597 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 79383107 |
| നീക്കിയിരിപ്പ് | 50839490 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 143941 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 17119201 | 17119201 | 15359043 | 1760158 |
| വികസനഫണ്ട്- എസ്.സി.പി(ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരം) | | 9655176 | 9655176 | 5069521 | 4585655 |
| വികസന ഫണ്ട്-ടി.എസ്.പി (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരം) | | 229000 | 229000 | 82720 | 146280 |
| മെയിന്റനൻസ്, റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 18423000 | 18423000 | 10802002 | 7620998 |
| മെയിന്റനൻസ്,നോൺ- റോഡ്(ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരം) | | 5772000 | 5772000 | 3608507 | 2163493 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 13260269 | 13260269 | 7010356 | 6249913 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (എൻ ആർ ഇ ജി എ) | 8897 | 12526709 | 12535606 | 12533860 | 1746 |
| ഐ.സി.ഡി എസ് | 779431 | 1003439 | 1782870 | 500000 | 1282870 |
| റ്റി എസ് സി | 1021918 | - | 1021918 | 825400 | 196518 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ | 20000 | - | 20000 | 7680 | 12320 |
| ലൈഫ് ഭവനപദ്ധതി | 32424 | 4013726 | 4046150 | 4025683 | 20467 |

1. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിരിക്കുന്നത് പഞ്ചായത്തിന് ലഭിച്ച ആകെ വരവാണ്. മേഖല വിഭജന പ്രകാരമുള്ള വകയിരുത്തൽ സുലേഖ ചെലവ് പത്രികയുമായോ, എസിആർ മായോ പൊരുത്തപ്പെടുന്നില്ല. എന്നാൽ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. ആകയാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
2. 356/20,347/20 പ്രോജക്ടുകൾ പ്രകാരം ലൈഫ് മിഷൻ ലോൺ (ജനറൽ) തിരിച്ചടവായി ഉറവിടത്തിൽ കിഴിവ് ചെയ്ത് 926471/- രൂപയും, എസ് സി വിഭാഗത്തിൽ 359/20 നമ്പർ പ്രോജക്ട് പ്രകാരം കിഴിവു ചെയ്ത 58823/- രൂപയും രസീത് ആന്റ് പേയ്മെന്റിൽ വരവും

ചെലവുമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വികസനഫണ്ട് ജനറൽ, വികസനഫണ്ട് എസ് സി പി എന്നിവയുടെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് (RP7) എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ACR/AFS പ്രകാരം ചെലവ് തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ ചെലവ് പത്രിക |
|---|---|---|
| വികസനഫണ്ട് ജനറൽ | 14432572 | 15359043 |
| വികസനഫണ്ട് എസ് സി പി | 4951874 | 5069521 |

3. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം എന്നിവയുടെ വരവ് ചെലവുകൾ നിരീക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ആയവ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല(ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

സർക്കാർ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ വലിയ കുറവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വിനിയോഗിച്ച തുക % |
|---|---|
| വികസന ഫണ്ട് (SCP) | 52% |
| വികസന ഫണ്ട് (റ്റി എസ് പി) | 36% |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 58% |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 62% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 52% |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 16.03.2020 ലെ ഉത്തരവ് നം./2707/18/DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 01.11.2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 16.11.2018 |
| വികസനസെമിനാർ | 05.12.2018 |
| ഊരുകൂട്ടം | 29.11.2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 17,46,76,838 രൂപയും ആകെ ചെലവ് 6,26,76,340രൂപയുമാണ്. ചെലവുശതമാനം 35.88%. അംഗീകാരം ലഭിച്ച330 പ്രോജക്റ്റുകളിൽ 189എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 10 | 3317900 | 1453305 | 43.8 |
| 2 | വെറ്ററിനറി സർജൻ | 9 | 9 | 2656500 | 1722000 | 64.8 |
| 3 | മെഡിക്കൽ ഓഫീസർ – PHC | 8 | 7 | 1713920 | 1616734 | 94.3 |
| 4 | മെഡിക്കൽ ഓഫീസർ–ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| 5 | മെഡിക്കൽ ഓഫീസർ–ആയുർവേദം | 1 | 1 | 600000 | 500000 | 83.3 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 19 | 16 | 62684878 | 18005640 | 28.7 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 3 | 5857612 | 3991558 | 68 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 65 | 25 | 39472920 | 11407957 | 29 |
| 9 | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 8 | 4 | 1685853 | 1117763 | 66.3 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 177 | 99 | 47131807 | 17782123 | 38 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 4 | 3 | 2350000 | 1439292 | 61 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 11 | 7155448 | 3589968 | 50.2 |
| ആകെ | | 330 | 189 | 174676838 | 62676340 | 35.88 |

മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം പദ്ധതി ചെലവ് കുറഞ്ഞതായി കാണുന്നു. മുൻവർഷത്തെ പദ്ധതിചെലവ് 50% ആയിരുന്നത് തൻവർഷം 35.88% ആയി കുറഞ്ഞു. ആകെ അംഗീകാരം ലഭിച്ചതിൽ 57.27% പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 51.87% മാത്രമാണ് നടപ്പാക്കിയത്. കൂടാതെ ലൈഫ്,പി.എം.എ.വൈ.മുതലായ പാർപ്പിട പദ്ധതികൾക്ക് പൊതുവിഭാഗം സാധാരണവിഹിതത്തിന്റെയും എസ്.സി.പി.,ടി.എസ്.പി. ഫണ്ടുകളുടെയും കുറഞ്ഞത് 20% വകയിരുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

പ്രധാന നേട്ടങ്ങൾ

- ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച ഭൂരിഭാഗം പ്രോജക്ടുകളും നടപ്പാക്കി.
- പഞ്ചായത്ത് ഓഫീസ് നവീകരണം, ഫ്രണ്ട് ഓഫീസ് നവീകരണം, ഇ.എം.എസ്.ഹാൾ നവീകരണം ഇവ നടപ്പാക്കി.
- ആരോഗ്യമേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നല്കുന്ന പ്രോജക്ടുകൾ നടപ്പാക്കി.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തുക നിക്ഷേപിച്ചിരുന്ന പി.എച്ച്.സി. കെട്ടിടം നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ആംബുലൻസ് വാങ്ങി.

പ്രധാന കോട്ടങ്ങൾ

- പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബഡ്സ് സ്കൂൾ എന്നിവയ്ക്ക് സ്വന്തം സ്ഥലം വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടുകൾ ഫലപ്രാപ്തി കൈവരിച്ചില്ല. വാടക

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഷ്രെഡിംഗ് യൂണിറ്റിന്റെ കരാർ കാലാവധി അവസാനിക്കാറായതിനാൽ സമീപ പഞ്ചായത്തുകൾക്കുപോലും പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിച്ചിരുന്ന ഷ്രെഡിംഗ് യൂണിറ്റിന്റെ തുടർ പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യം ഉണ്ടാകാവുന്നതാണ്.

- സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ബ്ലോക്ക് വിഹിതം 34.77ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 12.11 ലക്ഷം രൂപയുംചെലവഴിക്കുവാൻ അവശേഷിക്കുന്നു.
- വാർഡ് അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.
- സോഴ്സ് ഡിഡക്ഷൻ യഥാസമയം കുറവ് ചെയ്യാതിരുന്നതുമൂലം വൻതുക വെള്ളക്കരകുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിട്ടി ഡിമാന്റ് ചെയ്തുവരുന്നത് നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല.
- തൻവർഷം വകയിരുത്തിയ ഫണ്ടുകളിൽ സംസ്ഥാനാവിഷ്കൃത ഫണ്ട് 40.63 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട് 17.38 ലക്ഷം രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുന്നു.
- തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള ഗുണഭോക്തൃവിഹിതങ്ങൾ യഥാസമയം ചെലവഴിക്കാതെ വികസനഫണ്ട് വിഹിതത്തിൽ നിന്നും അധികം തുക ചെലവഴിച്ചിരിക്കുന്നു.
- ഗുണഭോക്തൃവിഹിതം ചെലവ് യഥാസമയം ചെലവ് പത്രികയിൽ അക്കൗണ്ട് ചെയ്യുന്നില്ല.

## 1-5-1 ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം കൂടേണ്ടതും വികസന പ്രവർത്തന പുരോഗതികൾ അവലോകനം ചെയ്യേണ്ടതുമാണ്. എന്നാൽ വിവിധ വാർഡുകളിലെ ഗ്രാമസഭാമിനട്സുകൾ പരിശോധിച്ചതിൽ 2019-20 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമേ കൂടിയിട്ടുള്ളൂ. നിയമാനുസൃതം ഗ്രാമസഭകൾ കൂടാതിരിക്കുന്നത് ഭരണസമിതി അംഗങ്ങളുടെ അയോഗ്യതയ്ക്ക് വരെ കാരണമാകുമെന്നതിനാൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8897 | 635424 | 644321 | 642575 | 1746 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11891285 | 11891285 | 11891285 | 0 |
| | 8897 | 12526709 | 12535606 | 12533860 | 1746 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85800 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 2486400 | 452 |
| വിധവാപെൻഷൻ | 6761400 | 1262 |
| വാർദ്ധക്യകാലപെൻഷൻ | 14783700 | 2812 |
| വികലാംഗപെൻഷൻ | 1945300 | 368 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരുടെ പെൻഷൻ | 187800 | 35 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-3-2021 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48005/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ജീവനക്കാരും ഭരണസമിതിയും ഏകോപിത പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് , അഡ്വാൻസ് രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, ബിൽ രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച എല്ലാ രേഖകളും ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണസംവിധാനം സ്ഥാപനത്തിൽ നിലനില്ക്കുന്നു.

## 1-10 ഇ-പെയ്മെന്റ് അക്കൗണ്ടിൽ വൻ തുക ദീർഘകാലമായി അവശേഷിക്കുന്നു - കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം

പഞ്ചായത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിൽ (എസ്.ബി.ഐ- തൃക്കൊടിത്താനം) ഗണ്യമായ തുക ഓഡിറ്റ് വർഷം ബാലൻസ് നിലനിൽക്കുന്നു. വിവിധ സേവനങ്ങൾക്ക് ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനമാണ് ഇതിൽ പ്രധാനം. ഇത്തരത്തിൽ ലഭിക്കുന്ന വരുമാനം ദീർഘകാലം ടി അക്കൗണ്ടിൽ നിലനിൽക്കുന്ന സാഹചര്യമാണുള്ളത്. ടി അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. വിവിധ കാലയളവിൽ ടി അക്കൗണ്ടിൽ അവശേഷിച്ച തുകയുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | നീക്കിയിരുപ്പ് |
|---|---|
| 01.04.2019 | 1423290 |
| 01.04.2020 | 2358065 |
| | |

| | |
|---|---|
| 31.01.2021 | 5493163 |

പഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ ദീർഘകാലം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കാതെ ട്രാൻഫർ ക്രെഡിറ്റ് ചെയ്ത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കോ ഫിക്സഡ് ഡിപ്പോസിറ്റിലേക്കോ മാറ്റി പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ./26.05.2011 ൽ നിർദ്ദേശിക്കും പ്രകാരം തനത് ഫണ്ട് പരിപാലനത്തിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കേണ്ടതുമാണ്.

**1-11 വസ്തുനികുതി-അസസ്സ്മെന്റ് രജിസ്റ്ററിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് വസ്തുനികുതി (സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 11,12,13 പ്രകാരം ഫാറം 4 ൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ അസസ്സ്മെന്റ് രജിസ്റ്ററിൽ (പാർപ്പിടം & പാർപ്പിടേതരം) അടിസ്ഥാന വസ്തുനികുതി, ഇളവ്, വർദ്ധനവ്,ലൈബ്രറി സെസ്സ്,സേവന ഉപനികുതി മുതലായവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/8.3.2021)യുടെ മറുപടിയിൽ വസ്തുനികുതിനിർണ്ണയ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. അസസ്സ് മെന്റ് രജിസ്റ്ററിൽ വസ്തുനികുതിനിർണ്ണയ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-11-1 വസ്തുനികുതി-സഞ്ചയയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ൽ അടിസ്ഥാന വസ്തുനികുതിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് എന്നിവ പട്ടിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ പട്ടികയിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന് 20% അടിസ്ഥാന വസ്തുനികുതി വർദ്ധനവും 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും പൊതുവഴി സൗകര്യം ഇല്ലാത്തതിന് അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്ററിൽ പഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പടുത്തിയതായി കാണുന്നില്ല. റോഡുകളുടെ വിവരം രേഖപ്പെടുത്താതെ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ് നൽകുന്നത് എങ്ങനെയെന്ന് വ്യക്തമല്ല . സഞ്ചയയിൽ റോഡ് മാസ്റ്ററിൽ റോഡുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയുടെ (നം.3/8.3.2021) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-11-2 വസ്തുനികുതി- കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉറപ്പുവരുത്തണം.**

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-14 ാം നമ്പർ ഖണ്ഡിക പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന പഞ്ചായത്ത് പ്രദേശത്തുള്ള ഓഡിറ്റോറിയങ്ങൾ, പാരിഷ് ഹാളുകൾ എന്നിവയ്ക്ക് വസ്തുനികുതി ചുമത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ് ഹാൾ എന്ന

കെട്ടിടത്തെ ഈയിനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പഞ്ചായത്തുപരിധിയിൽ ഈയിനത്തിലുള്ള കെട്ടിടങ്ങളെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തുക വഴി വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം.24/12.3.2021) യുടെ മറുപടിയിൽ വസ്തുനികുതി ചുമത്തപ്പെട്ടിട്ടില്ലാത്ത ഓഡിറ്റോറിയങ്ങൾ, പാരിഷ് ഹാളുകൾ എന്നിവ വാർഡുപരിശോധന നടത്തി കണ്ടെത്തി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>1-11-3 വിദ്യാഭ്യാസസ്ഥാപനം കെട്ടിടനമ്പരില്ലാതെ പ്രവർത്തിക്കുന്നു.</u>

പഞ്ചായത്തുപരിധിയിലുള്ളതും 2016-17 അദ്ധ്യയനവർഷം മുതൽ പ്രവർത്തനം ആരംഭിച്ചതായി കോളേജ് അധികൃതർ തന്നെ വ്യക്തമാക്കിയിട്ടുള്ളതുമായ പി.ആർ.ഡി.എസ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന എയ്ഡഡ് വിദ്യാഭ്യാസ്ഥാപനത്തിന് കെട്ടിടനമ്പർ നൽകിയതിന്റെയും ടി വിദ്യാഭ്യാസസ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാന്റീൻ എന്നിവ ഉണ്ടെങ്കിൽ ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള നികുതി ചുമത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/12.3.2021 ) യുടെ മറുപടിയിൽ കെട്ടിടങ്ങൾക്ക് കംപ്ളീഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് കോളേജ് അധികൃതർക്ക് അടിയന്തിരമായി അറിയിപ്പ് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. യഥാസമയം ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടും നാളിതുവരെ പരിഹാരനടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>1-11-4 വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 1549162/- രൂപ കുടിശ്ശിക ഉണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം.4/8.3.2021)യുടെ മറുപടിയിൽ അരിയർ ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| എ.കെ കൺസ്ട്രക്ഷൻസ് | 1&2 |
| ശ്രീകുമാർ നേഴ്സിംഗ് ഹോം | 1&2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, റേഷൻ കടകൾ മുതലായവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജോസ്റ്റോ ഇൻവെസ്റ്റ്മെന്റ്, അഷ്ടാംഗ ആയുർവേദ നേഴ്സിംഗ് സ്കൂൾ, ഗുഡ് വിൻ കൺസ്ട്രക്ഷൻസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി, തൃക്കൊടിത്താനം സർവീസ് സഹകരണബാങ്ക് നം 178 ൽ നിന്നും സ്ഥാപനതൊഴിൽ നികുതി എന്നിവ ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5/07.03.2021) അടിസ്ഥാനത്തിൽ ഈടാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സമയബന്ധിതമായി തൊഴിൽ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12-1 എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പി.ആർ.ഡി.എസ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം 2016-17 വർഷം മുതൽ പ്രവർത്തനമാരംഭിച്ചതായി വ്യക്തമാക്കിയിരുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204-ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) എന്നിവ പ്രകാരം തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 13, 14,16 മുതലായവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/6.3.2021)യുടെ മറുപടിയിൽ ടി സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.
നിയമാനുസൃതമായ തൊഴിൽ നികുതി ഇളവിന് അർഹതയില്ലാത്ത എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി -കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019- 20 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം 23810/- രൂപ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു. കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം.4/8.3.2021) യുടെ മറുപടിയിൽ അരിയർഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ടെന്നും കുടിശ്ശിക പൂർണ്ണമായും പിരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 മാവേലി സ്റ്റോർ -വാടകകുടിശിക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടക 1135/- രൂപ നിരക്കിലാണ് ഈടാക്കി വന്നിരുന്നത്. 2017 നവംബർ മുതൽ 1740/- രൂപയായി വാടക വർദ്ധിപ്പിച്ചിരുന്നുവെങ്കിലും ടി തുക സ്ഥാപനം അടവാക്കിയിരുന്നില്ല. 4/19 മുതൽ 18% ജിഎസ് ടിയും 9/19 മുതൽ 1% പ്രളയസെസ് ഉൾപ്പടെയുള്ള തുകയും സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്നു. 31-3-2020 വരെയുള്ള വാടക കുടിശികയിനത്തിൽ(ജിഎസ് ടി, സെസ് ഉൾപ്പടെ ) 17773/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. മാവേലിസ്റ്റോറിൽ നിന്നും കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14)

മറുപടിയായി കുടിശിക ഈടാക്കുന്നതിന് വിവിധ തീയതികളിൽ കത്ത് അയയ്ക്കുകയും നേരിട്ട് കണ്ട് അറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഉൾപ്പടെയുള്ള കുടിശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് -എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ല.

എ) ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 1996ലെ കേരള പഞ്ചായത്ത് രാജ് (Dangerous And Offensive Trade License) ചട്ടങ്ങൾ എസ്. ആർ.ഒ. നം. 674/2017/എൽ.എസ്.ജി.ഡി. തീയതി.31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 210സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം 372 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ് എന്നത് വ്യക്തമാകുന്നു. കൂടാതെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2019-20 വർഷത്തിൽ തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 1129 കെട്ടിടങ്ങളും ഇതരവ്യവസായങ്ങൾക്കായി 49സ്ഥാപനങ്ങളും ഉണ്ടെന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിലുള്ള 20 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ബി)ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്ന്, ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പിനും കൺസ്യൂമർ സ്റ്റോറിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

സി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ

ലൈസൻസ് ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമനം. 132 പ്രകാരം പാൽ സംഭരിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കോട്ടമുറി ക്ഷീരസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുന്നു.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നും ക്ഷീരസംഘത്തിനും റേഷൻകടകൾക്കും മാവേലി സ്റ്റോറിനും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലെയും സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. റേഷൻ കടകൾ, മാവേലി സ്റ്റോർ, ക്ഷീരസംഘങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തുക്കൊടിത്താനം ഗവ എൽപി സ്കൂൾ -പഴയ ഗേറ്റ്, ഓട് ലേലനടപടികൾ

സ്വീകരിച്ചിട്ടില്ല

കടമാഞ്ചിറ എൽ പി സ്കൂളിലെ പഴയ ഓടുകളും തുക്കൊടിത്താനം എൽപി സ്കൂളിലിരിക്കുന്ന ഓടും പഴയ ഗേറ്റും ലേലം ചെയ്ത് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ഹെഡ് മാസ്റ്റർ മാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ വാല്യുവേഷൻ തയ്യാറാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ കടമാഞ്ചിറ സ്കൂളിലെ ഓടിന്റെ വാല്യുവേഷൻ എടുത്ത് നൽകുകയും ഗ്രാമപഞ്ചായത്ത് ലേല നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ തുക്കൊടിത്താനം എൽപി സ്കൂളിലെ ഓടിന്റെയും ഗേറ്റിന്റെയും വാല്യുവേഷൻ നടത്തി ലേലനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14)മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്ത് നൽകിയിരുന്നില്ലായെന്നും ലേലം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 29.2.20 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 37,28,141 രൂപ കുടിശ്ശികയുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 4/19 ലെ ഡിമാന്റ് | 2/20 |
|---|---|---|
| കുടിശ്ശിക | 3115747 | 3569745 |
| ഫൈൻ | 60863 | 70021 |
| ആകെ | 3176610 | 3639766 |
| തൻമാസ വെള്ളക്കരം | 88375 | 88375 |
| ആകെ | 3264985 | 3728141 |

4/19 ലെ ബിൽ പ്രകാരം കുടിശ്ശികയും ഫൈനും ഉൾപ്പെടെ 31,76,610 രൂപയായിരുന്നത് ഫെബ്രുവരി 2020 ആയപ്പോൾ 36,39,766 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 18-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-22 പ്രകാരം വെള്ളക്കരമിനത്തിൽ കുടിശ്ശിക ഒന്നും അവശേഷിക്കുന്നില്ലെന്നും 485901 രൂപ വാട്ടർ അതോറിറ്റിയിൽ അധികമായി അവശേഷിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം കുടിശ്ശിക ഒന്നും അവശേഷിക്കാത്ത സാഹചര്യത്തിൽ കുടിശ്ശികയും പലിശയും കൂടി ചേർത്ത് ഓരോ മാസവും വീണ്ടും ഭീമമായ തുക കുടിശ്ശികയുണ്ടെന്ന കാണിച്ച് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നല്കുകയാണ് ചെയ്യുന്നത്. ടി വിഷയത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21) വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ടി വിഷയത്തിന്മേൽ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും കുടിശ്ശിക ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 ദിവസവേതനാടിസ്ഥാനത്തിലുള്ള ക്ലർക്കിന്റെ നിയമനം നിയമാനുസൃതമല്ല

ഗ്രാമ പഞ്ചായത്തിലെ എ.ഇ, എൽ.എസ്.ജി.ഡി. ഓഫീസിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 01.11.2018 മുതൽ ക്ലാർക്കിനെ നിയമിച്ചിട്ടുണ്ട്. ഓഫീസിൽ ക്ലാർക്കിന്റെ തസ്തിക നിലവിലില്ല. 18-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23പ്രകാരം ടി നിയമനം ക്രമാനുസൃതമല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ നിലവിലും ക്ലർക്കിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നതായി കാണുന്നു. എൽ.എസ്.ജി.ഡി വിഭാഗത്തിന് ഒരു ക്ലാർക്കിന്റെ സേവനം അത്യാവശ്യമായതിനാൽ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത് എന്നാണ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. തൻവർഷം 67,385 രൂപ ക്ലാർക്കിന്റെ ദിവസ വേതനമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത ടി ചെലവിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. എ.ഇ ,എൽ.എസ്.ജി.ഡി. ഓഫീസിലേക്ക് ഒരു ക്ലറിക്കൽ തസ്തിക ആവശ്യമുള്ള പക്ഷം ആയത് അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതും അല്ലാത്തപക്ഷം നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുമാണ്.

1-18 ബഡ്സ് സ്കൂൾ പ്രവർത്തന ചെലവ് - ബഡ്സ് സ്കൂൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 173/2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 100000/- തനത് ഫണ്ട് |
| ചെലവ് | 40000/- |
| ചെലവ് വിശദാംശം (വൗച്ചർ നം.,തീയതി , തുക) | 21900848/15.11.2019 - 20000<br>21910998/26.12.2019 - 5000<br>21901087/13.01.2020 - 5000<br>21901270/15.02.2020 - 5000<br>21901437/19.03.2020 - 5000 |

പഞ്ചായത്ത് പ്രദേശത്ത് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ 10.06.2019 ൽ ശ്രീമതി മറിയാമ്മ റോയി, പുല്ലുകാട്ടുചിറ, തുക്കൊടിത്താനം എന്ന വ്യക്തിയുമായി കരാർ വച്ച് ടിയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം സെക്രട്ടറി ഏറ്റെടുക്കുകയുണ്ടായി. ടി പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ വാടക ഇനത്തിൽ തൻവർഷം പ്രതിമാസം 5000 രൂപ നിരക്കിൽ 40000 രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾസ്ഥാപിക്കുന്നതിന് 1350000 രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും (പ്രോജക്ട് 248/20) തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടി പ്രോജക്ടിന് കുടുംബശ്രീ ഫണ്ടായി 1250000 രൂപ ലഭിച്ചിട്ടുണ്ട്. വാടകക്കരാർ പ്രകാരം മൂന്ന് വർഷത്തേക്കാണ് കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളത്. മൂന്ന് വർഷ

കാലയളവിനുള്ളിൽ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിത് സ്കൂൾപ്രവർത്തിക്കുന്നതിന് 14.5.2019 ലെ 1(4) തീരുമാനപ്രകാരം കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നു.

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ (നം.12/204) വിസ്തീർണ്ണം 64m2 മാത്രമാണ്. സ.ഉ.(എം.എസ്.)നം. 20/2018/ തസ്വഭവ തീയതി 07/02/2018 നംപർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ബഡ്സ് സ്കൂൾ മാർഗ്ഗരേഖയിലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കപ്പെടുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ടി കെട്ടിടത്തിൽ ലഭ്യമല്ല. നിബന്ധനകൾ പാലിക്കാതെ ആരംഭിക്കുന്ന സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ പാടില്ല എന്നും മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നു . കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് 6-ാം നംപരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ ബഡ്സ് സ്കൂൾ ഉടൻ തന്നെ പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ വാടകയിനത്തിൽ ചെലവഴിച്ച 40000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ

1.പ്രോജക്ട് 67/20 – മാരകമായ രോഗബാധിതർക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പ്രോജക്ട് പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും തൻവർഷം മരുന്നുകൾ വാങ്ങുന്നതിന് 2,50,000 രൂപ തനത് ഫണ്ട് ചെലവഴിച്ചിരുന്നു. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 2283712/24.3.2020 | 168666 |
| 2283717/27.3.2020 | 81334 |
| ആകെ | 250000 |

ഇത് സംബന്ധിച്ച ഫയലും സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ അടവാക്കിയ 168666 രൂപയിൽ 9263 രൂപയുടെയും 81334 രൂപയിൽ 13180 രൂപയുടെയും ഉൾപ്പെടെ ആകെ 22443 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. മാരകരോഗബാധിതർക്ക് വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ ഒരു വർഷത്തിനുള്ളിൽ പോലും പൂർണ്ണമായും ലഭ്യമാക്കി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 16) നൽകിയിട്ടുണ്ട്. എൻക്വയറിക്ക് നൽകിയ മറുപടിയിൽ മരുന്നുകൾ ഉടൻ ലഭ്യമാക്കണമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നത് വരെ 22443 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം. 62/20 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ - പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമായില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 62/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 500000/- (വികസന ഫണ്ട് ജനറൽ) |

| | |
|---|---|
| | 100000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | |
| ചെലവ് | 495000/-(വികസന ഫണ്ട് ജനറൽ)<br>99695/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

ടി പ്രോജക്ടിന്റെ ഭാഗമായി തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 53990 രൂപ പാലിയേറ്റീവ്കെയർ പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം.PRF 3834/ 10.01.2020 പ്രകാരം 14.02.2020ൽ (UTR No. U00000762612670) കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ , തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് |
|---|---|---|
| എയർ ബെഡ് | 4 | 2321.24 |
| വാക്കർ | 4 | 910.00 |
| യൂറിൻ കളക്ഷൻ ബാഗ് | 945 | 15.40 |

53990 രൂപയിൽ ഇൻവോയ്സ് നം. 30278/11.02.2021 പ്രകാരം 22867 രൂപയുള്ള വീൽ ചെയർ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 31123 രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. കൂടാതെ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16 ) നൽകിയിട്ടുണ്ട്. ടി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ കോവിഡ് 19 പശ്ചാത്തലത്തിൽ കാരുണ്യ മെഡിസിനിലെ ലഭ്യത കുറവ് മൂലമാണ് ഉപകരണങ്ങൾ ലഭ്യമാകാതിരുന്നത് എന്നും പെട്ടെന്ന തന്നെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണെന്നും കാരുണ്യ മെഡിസിനിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 31123 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ആംബുലൻസ് വാങ്ങൽ - ബ്ളോക്ക് ഷെയർ പഞ്ചായത്തിൽ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 223/20 |
| അടങ്കൽ | 800000(ബ്ലോക്ക് ഷെയർ)<br>100000 (തനത് ഫണ്ട്) |
| ചെലവ് | 687601<br>(വൗച്ചർനം. 31900324/20.2.20) |

പാലിയേറ്റീവ് കെയറിന് ആംബുലൻസ് വാങ്ങുന്നതിനായി 5.1.17 ൽ 800000 രൂപ മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നു. ടി തുകയിൽ നിന്നും 687601 രൂപ വിനിയോഗിച്ച് 2019-20 വർഷം ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ബാക്കി തുകയായ 112399 രൂപ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18) തുക തിരിച്ചടച്ചിട്ടില്ല എന്ന് മറുപടി നല്കി. ടി തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ B -4 ഷെഡ്യൂൾ പ്രകാരം ബ്ളോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 3477655 രൂപ പഞ്ചായത്തിൽ അവശേഷിക്കുന്നതായി കാണുന്നു. ടി തുകകൾ ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-21 സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹണം

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 196/19-20, മാലൂർക്കാവ് -പനച്ചിത്തോട് സംരക്ഷണഭിത്തി നിർമ്മാണം |
| അടങ്കൽ | 400000/- വികസനഫണ്ട് (എസ് സി പി) |
| കരാറുകാരൻ | ബനഡിക്ട് വി ജെ |
| ചെലവ് | 283024/-(ബിൽ നമ്പർ/തീ24/08.05.2019) |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥലപരിശോധന നടത്തി കൃത്യതയോടെ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതും, പ്രവൃത്തിയിൽ 25% ൽ അധികം വ്യത്യാസം വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങണം എന്ന നിബന്ധന പാലിക്കാത്തതും മൂലം പഞ്ചായത്തിന് അനാവശ്യ ചെലവ് വന്നിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

50 സെന്റീമീറ്റർ വീതിയിൽ ട്രഞ്ച് എടുത്ത് 10 സെന്റീ മീറ്റർ കനത്തിൽ 1:4:8 കോൺക്രീറ്റ് മിശ്രിതവും തുടർന്ന് 20 സെന്റീമീറ്റർ കനത്തിൽ 1:3:6 കോൺക്രീറ്റ് മിശ്രിതവും ചെയ്യുന്നതിനാണ് സാങ്കേതിക അനുമതി ലഭിച്ചത് (അടിത്തറ നിർമ്മാണം). എന്നാൽ നിർവ്വഹണസമയത്ത് സംരക്ഷണഭിത്തിയുടെ ഉയരം പകുതിയിൽ കുറവായെങ്കിലും(1.5 മീറ്ററിൽ നിന്നും 0.85 മീറ്റർ) 1:3:6 കോൺക്രീറ്റ് മിശ്രിതം 40 സെന്റീമീറ്റർ കനത്തിൽ വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തിന് അനാവശ്യ ചെലവുണ്ടായി.

| | സാങ്കേതിക അനുമതി പ്രകാരം | | | ആകെ | അളവുപുസ്തക പ്രകാരം | | | ആകെ |
|---|---|---|---|---|---|---|---|---|
| 1:3:6 കോൺക്രീറ്റ് മിശ്രിതം | 24.1 | 0.50 | 0.20 | 2.41 | 24.1 | 0.50 | 0.40 | 4.82 |
| | 48.5 | 0.50 | 0.20 | 4.85 | 48.5 | 0.50 | 0.40 | 9.70 |
| | | | | 7.26 | | | | 14.52 |

7.26 ക്യൂ മീ കോൺക്രീറ്റ് സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും അധികമായി ചെയ്തതുമൂലം ക്യൂ മീ ന് 6938.73/- രൂപ പ്രകാരം 50375/- രൂപയുടെ അനാവശ്യ ചെലവുണ്ടായി.അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല .സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹണം നടത്തിയതുമൂലമുണ്ടായ അധികച്ചെലവ് 50375/- രൂപ തടസ്സപ്പെടുത്തുന്നു. സാങ്കേതിക അനുമതി നല്കിയ അധികാര സ്ഥാനത്തു നിന്നും വിശദമായ റിപ്പോർട്ട് ഹാജരാക്കിയോ ,തുക തിരിച്ചടച്ചോ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം | 31 /20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ (വികസന ഫണ്ട്- ജനറൽ) | 75000 |
| | |

| | |
|---|---|
| ചെലവ് | 45128/- |
| ബിൽ നം | 12/19-20/18.10.19 |

ബാലസഭ പ്രവർത്തനങ്ങൾക്കായി തൻവർഷം 75000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി 45128/- രൂപ പിൻവലിച്ച് വിവിധ ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/18 ത.സ്വ.ഭ.വ 14.2.18 ഖണ്ഡിക 7.6.17പ്രകാരം ബാലസഭ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 40000 രൂപ മാത്രമാണ്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 40000 രൂപ മാത്രമാണ് പരമാവധി ചെലവഴിക്കാമെന്നിരിക്കെ അധികംചെലവഴിച്ച് 5128/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തി കൺവീനർക്ക് അധിക തുക നല്കി

സർക്കുലർ നമ്പർ DB3-9058/17/CE/LSGD തീ 16-3-2018 പ്രകാരംഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും വാറ്റ് നിലവിൽ ഇല്ലാത്തതിനാൽ 5% കുറവ് ചെയ്യേണ്ടതും,കൺവീനർ GST അടവാക്കുന്ന സാഹചര്യത്തിൽ കോമ്പൻസേഷൻ പരിഗണിക്കാവുന്നതാണ് എന്നും വ്യക്തത വരുത്തിയിട്ടുണ്ട്.2019-20 വർഷം നിർവ്വഹണം നടത്തിയ എയ്ഡഡ് സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം (PRDS അമര) എന്ന 198/20 നമ്പർ പ്രോജക്ട് പ്രകാരം ഹെഡ്മിസ്ട്രസ് കൺവീനറായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 129415/- രൂപ ചെലവഴിച്ച് ടോയ്ലറ്റ് നിർമ്മാണം നടത്തിയിട്ടുണ്ട്. ഐ.റ്റി,വെൽഫയർ ഫണ്ട് ഇനങ്ങൾ കിഴിച്ച് 125533/- രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. വാറ്റ്/GST ഇനങ്ങളിൽ തുക അടച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സർക്കുലർ പ്രകാരം 5% തുകയായ6471/- രൂപ കുറവു ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ തുക കൺവീണരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. തുക അടവാക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്

## 1-24 ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം മുൻകൂർ അനുവദിച്ചിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയിരുന്നുവെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സന്ധ്യ.ജി, ഉറവയിൽ -കൈപ്പറ്റിയ മുൻകൂർ തുക : 40,000/-

2. സോഫിയാമ്മ, വട്ടക്കേരി വീട്, -കൈപ്പറ്റിയ മുൻകൂർ തുക : 40,000/-

ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുവാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ശ്രീമതി സന്ധ്യ.ജി പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും വീട് പണിയാൻ തയ്യാറാകുന്നില്ലായെന്നും ടിയാൾ സ്ഥലത്തില്ലായെന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി സോഫിയാമ്മ തുക തിരിച്ചടയ്ക്കാൻ തയ്യാറാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം മുൻകൂർ നൽകിയ തുകകൾ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-25 പ്രൊ.നം 48/20 വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റി - പൂർത്തീകരിച്ചില്ല.

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ശ്രീമതി. പൊന്നമ്മ കൊച്ചുപറമ്പിൽ (വാർഡ് 18) എന്നയാൾ 50000/- മുൻകൂർ കൈപ്പറ്റിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. ടിയാൾ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും പൂർത്തീകരിക്കുവാൻ സാധിച്ചില്ലായെന്നും 31-3-20ന് മുൻപായി

പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-26 പ്രൊ.നം 219/20 ഗാർഹിക കക്കൂസ് നിർമ്മാണം- നിർമ്മാണം ഉറപ്പുവരുത്താതെ തുക അനുവദിച്ചു**

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം 168000/- രൂപ ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി ചെലവഴിച്ചിരുന്നു. ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കിയ 14 ഗുണഭോക്താക്കൾക്ക് അധികധനസഹായമായി 12000/- രൂപ അനുവദിച്ചിരുന്നു. സ.ഉ(സാധാ) നം292/2019/തസ്വഭവ തീയതി 11-2-19 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വമേഖലയ്ക്ക് മാറ്റി വെച്ചിരിക്കുന്ന വിഹിതത്തിൽ നിന്നും ആവശ്യമെങ്കിൽ ടോയ് ലറ്റ് നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രൊജക്റ്റിൽ ടോയ് ലറ്റ് നിർമ്മാണം നടത്തിയതിന്റെ വാല്യുവേഷൻ ലഭ്യമാക്കിയിരുന്നില്ല. നിർമ്മാണം നടത്തിയെന്ന് ഉറപ്പാക്കാതെ എല്ലാവർക്കും 12000/- രൂപ വീതം അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നിർമ്മാണം നടന്നത് കണ്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കൾക്ക് കക്കൂസ് ആവശ്യമായ പക്ഷം എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 ആസ്തി സംരക്ഷണം**

സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ എസ് ജി ഡി തീ 20-1-2017 പ്രകാരം അംഗീകരിക്കപ്പെട്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകവുമായ അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.അസറ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ആസ്തി സംരക്ഷണപ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ തയ്യാറാക്കുകയോ ആസ്തികളുടെ വാർഷിക സ്ഥിതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.

2.ആസ്തികളുടെ ചുമതലയുള്ള സെക്രട്ടറി മാന്വൽ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല

3.ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ അപ്ഡേറ്റ് ചെയ്യുകയോ നിയമാനുസൃതമുള്ള കോളങ്ങൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

4.കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല.

5.ആസ്തികളുടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

വിഷയങ്ങളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-28 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.**

പ്രോജക്ട് നമ്പർ- 35/20

അടങ്കൽ- 250000/- (വികസനഫണ്ട്)

ചെലവ്- 250000/- (ബിൽ നമ്പർ- 11/20-21, തീയതി- 21/01/2020)

2019-20 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം 40 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം 250000/- രൂപ തദ്ദേശസ്ഥാപനവിഹിതമായി മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-29 ആട് വിതരണം -പ്രോജക്ട് നിർവഹണത്തിലെ അപാകത.

പ്രോജക്ട് നമ്പർ -201/20

അടങ്കൽ- 45000/-(വികസനഫണ്ട്-റ്റി എസ്.പി)

ചെലവ്- 15000/- (ബിൽ നമ്പർ- 1/19-20 തീയതി -9.5.2019 )

2019- 20 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് ആടിനെ വാങ്ങുന്നതിന് 15000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന രേഖകളിൽ ആടിനെ നൽകിയ ആളുടെ സാക്ഷ്യപത്രം പ്രകാരം ആടിന്റെ വിലയായി രേഖപ്പെടുത്തിയ തുകയും ടിയാളുടെ കൈപ്പറ്റ് രസീത് പ്രകാരം കൈപ്പറ്റിയ തുകയും 13500/- രൂപയാണ്. ആടിന്റെ വിലയിൽ അധികരിച്ച് സബ്സിഡി നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 10/11.03.2021) ബന്ധപ്പെട്ട നിർവഹണഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ)നം. 22/2018 പ്രകാരം പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി വാങ്ങുന്ന ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഫയലിലില്ല. വിശദീകരണം / വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

## 1-30 ഓഡിറ്റ് ഇംപാക്ട്-വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി.

2019-20 ഒന്നാം അർദ്ധവർഷം വസ്തുനികുതിനിർണ്ണയം നടത്തിയതും 7/464 ബി (തറവിസ്തീർണ്ണം - 21 ച.മീ ), 7/464 സി (തറവിസ്തീർണ്ണം - 21ച.മീ ) എന്നീ നമ്പരുകൾ നൽകിയിരുന്നതുമായ കെട്ടിടങ്ങളുടെ നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനനികുതിനിരക്ക് (45/- രൂപ) ചുമത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. എന്നാൽ കെട്ടിടത്തിന്റെ അംഗീകൃതകംപ്ലീഷൻ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം - കടമുറി -41.13 ച.മീ, സ്റ്റെയർ റൂം -11.16 ച.മീറ്റർ,നിലവിലുള്ള കടമുറി- 62.47 ച.മീ (ആകെ - 114.76 ച.മീറ്റർ ) എന്നതാണ്. ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ളതും 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതുമായ വാണിജ്യാവശ്യത്തിനുള്ളതുമായ ഈ കെട്ടിടത്തിന്റെ അടിസ്ഥാനനികുതിനിരക്ക് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിരക്ക് ചുമത്തിയതിനും അംഗീകൃതകംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് നികുതി ചുമത്താതിരുന്നതിന്മേലും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി

(നം.23/12.3.2021)യുടെ മറുപടിയിൽ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനനികുതിനിരക്ക് (60/- രൂപ) ചുമത്തി 1134/-രൂപ ആയിരുന്ന വസ്തുനികുതി പുനർനിർണ്ണയിച്ച് 1883/- രൂപയാക്കുകയും കുറവുവന്ന തുക ഈടാക്കുകയും ചെയ്തതായി വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആൻഡ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 4-2 സംയോജിത പദ്ധതികൾക്കുവേണ്ടി ലഭിച്ച തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 157800 | അംഗപരിമിത കുട്ടികൾക്ക് സ്കോളർഷിപ്പ് | 157800 | 00 |
| | 2019-20 | 300000 | ലൈഫ് ഭവനപദ്ധതി | 300000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 102365 | പാലിയേറ്റീവ് കെയർ | 99695 | 00 |
| | 2019- | 2500000 | ലൈഫ് പദ്ധതി | 1660000 | 840000 |

| | | | | | |
|---|---|---|---|---|---|
| | 20 | | ജനറൽ | | |
| | 2019-20 | 300000 | അംഗപരിമിതർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2019-20 | 190000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം | 190000 | 0 |
| | 2019-20 | 199700 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199700 | 0 |

## 4-3 ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി | പി.എച്ച്.സി. കെട്ടിട നിർമ്മാണം, ആർദ്രം പദ്ധതി | 21900644/6.9.2019 | 2500000 | 0 | 2500000 |
| | പി.എച്ച്.സി.കെട്ടിട നിർമ്മാണം, ആർദ്രം പദ്ധതി | 21900645/6.6.2019 | 1500000 | 0 | 1500000 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം | സുജലം പദ്ധതി | 21900307/01.06.2019 | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 219000272/1-6-2019 | 133000 | 0 | 133000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 219000273/1-6-2019 | 233000 | 0 | 233000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 219000274/1-6-2019 | 248135 | 0 | 248135 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 219000630/1-6-2019 | 25991 | 0 | 25991 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4000000 രൂപ വരവുണ്ട്. മുൻബാക്കി 7285683/- രൂപയടക്കം 11285683/-രൂപയിൽ 1069801/-രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം കെയു ആർ ഡി എഫ് സി | ജി ഒ (എം എസ്)68/2018 തീ 18-5-2018 | 7292424 | 4013726 | 1069801 | | 10236349 |

തൻ വർഷം ലഭിച്ച വായ്പാ തുകയിൽ തുകയിൽ പലിശ വരവ് ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 53958/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-2 | 40611 | സുനിത എം അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി .ഡി | 119020500002/2-7-19 |
| 2017-18 | 3-2 | | സുനിത എം അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി .ഡി | 119020500003/2-7-19 |
| 2018-19 | 1(30) | 3667 | ലക്ഷ്മി എസ് , ഐ സി ഡി എസ് സൂപ്പർവൈസർ | 119020107530/26-2-20 |
| | ആകെ | 53958 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 130222597 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79383107 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 143941 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 40000 | ബിൻസി ചെറിയാൻ അസി.സെക്രട്ടറി |
| 1-19(1) | 22443 | ഡോ.സിമി തോമസ് മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-19(2) | 31123 | ഡോ.ഷീജാ ഫിലിപ്പ് മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-21 | 50375 | ഫാത്തിമ എസ് അസി.എഞ്ചിനീയർ |
| ആകെ | 143941 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിൻസി ചെറിയാൻ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>തൃക്കൊടിത്താനം | തോട്ടുങ്കൽ<br>കുത്രപ്പള്ളി പി.ഒ<br>കറുകച്ചാൽ |
| ഡോ.സിമി തോമസ്<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി<br>വാകത്താനം | പാറയിൽ ഹൗസ്<br>കുഴിമറ്റം പി ഒ<br>കോട്ടയം |
| ഡോ.ഷീജാ ഫിലിപ്പ്<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി,<br>തൃക്കൊടിത്താനം | കാവുള്ളതിൽ അജിത് ഭവൻ<br>കരിക്കോം പി ഒ<br>കൊട്ടാരക്കര-691531 |
| ഫാത്തിമ എസ്<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്<br>ചവറ, കൊല്ലം | റോയൽസ്, മുഴങ്ങോടി<br>കല്ലേനിഭാഗം,<br>കരുനാഗപ്പള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.06.2018 വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി03-1447/2016/28.12.2017 | 1 |
| 1998-99(Exp) | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(1)/2018/21.02.2018 | 1 |
| 2000-01&2001-02 | നം.എൽ.എഫ്.കെ.പി8-668/03/14.11.2003 | 20 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(4)/18/21.02.2018 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(7എ)/18/05.06.2018 | 4 |
| 2005-06വരവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6എ)/18/05.06.2018 | 1 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ-<br>കെ.ടി.എം.പി10(അദാ-2018)/193(6)/2018/21.02.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി10-606(1)/2018/04.04.2018 | 8 |
| 2007-08 | കെ.എസ്.എ-<br>കെ.ടി.എം.പി10(അദാ-2018)/193(8)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-<br>കെ.ടി.എം.പി10(അദാ-2018)/193(9)/18/21.02.2018 | 14 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10-606(2)/2018/04.04.2018 | 9 |
| 2010-11 &<br>11-12 | കെ.എസ്.എ-കെ.ടി.എം.പി10-606(3)/2018/04.04.2018 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10-2024/2017/27.12.2017 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3-599/2015/26.08.2016 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-1452/2016/13.02.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10-766/2017/05.01.2018 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.10-<br>819/2017/04.12.2017/16.06.2017 | 20 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.10-1436/2018/17.10.2019 | 26 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.10-1883/2019/10.06.2020 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കോടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്